**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2271** **21-06-2024 - ൽ മറുപടിയ്ക്ക്**

**സപ്ലൈകോ ഷോപ്പുകളിൽ നിത്യോപയോഗ സാധനങ്ങളുടെ അപര്യാപ്തത**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. മോൻസ് ജോസഫ്,<br>ശ്രീ. അനൂപ് ജേക്കബ് ,<br>ശ്രീ. മാണി. സി. കാപ്പൻ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | മാവേലിസ്റ്റോർ, സപ്ലൈകോ, സൂപ്പർ മാർക്കറ്റുകൾ, ലാഭം മാർക്കറ്റുകൾ തുടങ്ങിയവയിൽ നിത്യോപയോഗ സാധനങ്ങളുടെ അപര്യാപ്തത നേരിടുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | മാവേലിസ്റ്റോർ, സപ്ലൈകോ, സൂപ്പർ മാർക്കറ്റുകൾ, ലാഭം മാർക്കറ്റുകൾ തുടങ്ങിയവയിൽ സബ്സിഡി നിരക്കിലുള്ള നിത്യോപയോഗ സാധനങ്ങളിൽ ചില ഉൽപ്പന്നങ്ങളുടെ ലഭ്യതക്കുറവുണ്ടെങ്കിലും സബ്സിഡി ഇതര നിരക്കിലുള്ള അവശ്യ സാധനങ്ങൾ, എഫ്.എം.സി.ജി. ഇനങ്ങൾ, സപ്ലൈകോയുടെ സ്വന്തം ബ്രാൻഡായ ശബരി ഉൽപ്പന്നങ്ങൾ എന്നിവ ആവശ്യാനുസരണം ലഭ്യമാക്കിയിട്ടുണ്ട്. സബ്സിഡി നിരക്കിൽ വിതരണം നടത്തുന്ന 13 ഇനം സാധനങ്ങൾ എല്ലാം ലഭ്യമാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | ഇത്തരം സ്ഥാപനങ്ങളിലൂടെ നിത്യോപയോഗ സാധനങ്ങൾ ലഭ്യമാക്കുന്നതിന് എന്ത് സംവിധാനമാണ് നിലവിലുള്ളത്; അവശ്യസാധനങ്ങളുടെ ദൗർലഭ്യം ഉണ്ടാകാനുള്ള കാരണം വിശദമാക്കുമോ; | (ബി) | സപ്ലൈകോയുടെ വിൽപ്പനശാലകളിൽ സബ്സിഡി, ഫ്രീസെയിൽ നിരക്കുകളിൽ വിൽപ്പന നടത്തുന്ന അവശ്യ സാധനങ്ങൾ സപ്ലൈകോ ഇ-ടെണ്ടർ/ഇ-ലേലം നടപടികളിലൂടെയാണ് ലഭ്യമാക്കുന്നത്. ഇ-ടെണ്ടർ/ഇ-ലേലത്തിൽ പങ്കെടുക്കുന്ന വിതരണക്കാർ പർച്ചേസ് ഓർഡർ ലഭിക്കുന്ന മുറയ്ക്ക് ബന്ധപ്പെട്ട ഡിപ്പോകളിൽ എത്തിച്ചുനൽകുകയാണ് ചെയ്തുവരുന്നത്. സപ്ലൈകോയുടെ കടുത്ത സാമ്പത്തിക പ്രതിസന്ധിമൂലം വിതരണക്കാർക്ക് സമയബന്ധിതമായി ബിൽ തുകകൾ നൽകുവാൻ കഴിയാതെ വരുന്നു. തന്മൂലം അവർ ഇ-ടെണ്ടർ/ഇ-ലേലത്തിൽ പങ്കെടുക്കുന്നതിൽ നിന്ന് വിട്ടു നിൽക്കുകയും വിൽപ്പനശാലകളിൽ സാധനങ്ങളുടെ ലഭ്യതക്കുറവ് ഉണ്ടാവുകയും ചെയ്യുന്നു.<br><br>വിതരണക്കാർക്ക് നൽകാനുള്ള കുടിശ്ശിക ഭാഗികമായി കൊടുത്തു നിത്യോപയോഗ സാധനങ്ങൾ ലഭ്യമാക്കുന്നതിന് വേണ്ടി സപ്ലൈകോ നടത്തുന്ന ഇ-ടെണ്ടറുകളിൽ പങ്കെടുപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |

| | | | |
|---|---|---|---|
| (സി) | അവശ്യസാധനങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിന് എന്തൊക്കെ നടപടി സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ; | (സി) | അവശ്യ സാധനങ്ങളുടെ ലഭ്യത ഉറപ്പുവരുത്തുന്നതിനായി വിതരണക്കാരുമായി ചർച്ചകൾ നടത്തി വരുന്നു. ചില വിതരണക്കാർ ഇ-ടെണ്ടർ/ഇ-ലേലത്തിൽ പങ്കെടുക്കുന്നതിന് സന്നദ്ധത അറിയിച്ചിട്ടുണ്ട്. |
| (ഡി) | സിവിൽസപ്ളൈസ് കോർപ്പറേഷൻ വഴി ലഭ്യമാക്കുന്ന സാധനങ്ങളുടെ വില പൊതുമാർക്കറ്റിലേതിനെക്കാൾ കുറവാണെന്ന് ഉറപ്പു വരുത്താറുണ്ടോയെന്ന് വ്യക്തമാക്കുമോ; | (ഡി) | സിവിൽ സപ്ലൈസ് കോർപ്പറേഷൻ വഴി ലഭ്യമാക്കുന്ന സാധനങ്ങളുടെ വില പൊതു മാർക്കറ്റിലേതിനെക്കാൾ കുറവാണെന്ന് ഉറപ്പ് വരുത്തുന്നതിനായി സപ്ലൈകോ മേഖലാ തലത്തിൽ പൊതു വിപണിയിൽ നിന്ന് സാധനങ്ങൾ വാങ്ങി വിലവിവരം പരിശോധിക്കാറുണ്ട്. കേന്ദ്ര കാര്യാലയം നേരിട്ടും ഈ പ്രക്രിയ തുടരുന്നുണ്ട്. വിലനിർണ്ണയ വേളയിൽ ഇക്കണോമിക്സ് & സ്റ്റാറ്റിസ്റ്റിക്സ് പ്രസിദ്ധീകരിച്ചിട്ടുള്ള പൊതുവിപണി വിലയുമായി താരതമ്യം ചെയ്യുകയും സപ്ലൈകോ വിൽപ്പന വില പൊതുവിപണി വിലയേക്കാൾ കുറവാണെന്ന് ഉറപ്പുവരുത്താറുമുണ്ട്. ഏതെങ്കിലും ഇനത്തിന്റെ സപ്ലൈകോ വിൽപ്പന വില കൂടുതലാണെന്ന് ആക്ഷേപമുയരുന്ന പക്ഷം ടി വില പുന:പരിശോധിക്കാറുമുണ്ട്. |
| (ഇ) | കാലപ്പഴക്കംമൂലം സാധനങ്ങൾ പാഴായിപ്പോകാറുണ്ടോയെന്ന് വ്യക്തമാക്കുമോ? | (ഇ) | വില്പനശാലകളിലെ ശരാശരി വില്പനയുടെ അടിസ്ഥാനത്തിൽ INDENT ചെയ്യുന്ന അളവ് സാധനങ്ങളാണ് ഓരോ മാസവും സപ്ലൈകോ വാങ്ങി വില്പനയ്ക്ക് എത്തിക്കുന്നത്. പതിവ് വില്പനയുള്ളപ്പോൾ ഇവ കേടായി പോകുന്ന സാഹചര്യം ഇല്ല. എന്നാൽ ചുരുക്കം ചില സാഹചര്യങ്ങളിൽ കാലപ്പഴക്കം മൂലം സാധനങ്ങൾ വില്പനയോഗ്യമല്ലാതാകുന്നുണ്ട്. ഈ അവസരത്തിൽ ഭക്ഷ്യേതര ആവശ്യങ്ങൾക്കായി മാനദണ്ഡങ്ങൾ പാലിച്ചു കൊണ്ട് ഇവ നീക്കം ചെയ്യുന്നു. |

സെക്ഷൻ ഓഫീസർ